(സി) ഭക്ഷ്യവിളകളിൽ ഉണ്ടായ ഉല്പാദനക്കുറവിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ ; ഇവയുടെ വിസ്തൃതിയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നൂതന കർമ്മപദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013-14 വർഷത്തിൽ 75320 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും 199611 ഹെക്ടർ സ്ഥലത്ത് നെല്ലും കൃഷി ചെയ്തിട്ടുണ്ട്. ആകെ 11.9 ലക്ഷം ടൺ പച്ചക്കറിയും 5.64 ലക്ഷം മെട്രിക് ടൺ നെല്ലും ഉല്പാദിപ്പിച്ചു. പച്ചക്കറികളുടെയും നെല്ലിന്റെയും ഉല്പാദനക്ഷമത യഥാക്രമം ഹെക്ടറിന് 15.8 ടണ്ണും 2827 കിലോഗ്രാമും ആയിരുന്നു.

(ബി&സി) പച്ചക്കറി, നെല്ല് എന്നീ വിളകളിൽ മുൻ വർഷത്തേക്കാൾ ഉല്പാദന കുറവ് രേഖപ്പെടുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

കാസർഗോഡ് നിരോധിച്ചിട്ടുള്ള കീടനാശിനികൾ

129 (1538) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളതെന്നും ഈ കീടനാശിനികൾ മറ്റുള്ള പേരുകളിൽ ജില്ലയിൽ വിതരണം നടത്തിവരുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ താഴെപ്പറയുന്ന കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളത്.

കീടനാശിനികൾ :

1. എൻഡോസൾഫാൻ
2. കാർബോഫുറാൻ
3. ഫോറേറ്റ്
4. മിതൈൽ പാരത്തയോൺ
5. മോണോക്രോട്ടോഫോസ്
6. മിതൈൽ ഡിമറ്റോൺ
7. ട്രയാസോഫോസ്
8. പ്രോഫനോഫോസ്

LIBRARY ARCHIVES Kerala Legislative Assembly

കുമിൾനാശിനികൾ :

1. എഡിഫൻഫോസ്
2. ടൈസൈക്ലസോൾ
3. ഓക്സിതയോക്യനോക്സ്

കളനാശിനികൾ :

1. പാരാക്വാറ്റ്
2. അനിലോഫോസ്
3. അട്രാസിൻ
4. തയോ ബെൻ കാർബ്

ടി കീടനാശിനികളൊന്നും മറ്റു പേരുകളിൽ കാസർഗോഡ് ജില്ലയിൽ വിതരണം ചെയ്യുന്നില്ല.

കാസർഗോഡ് ജില്ലയിലെ കൃഷി ഭവനുകൾ

130 (1539) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാർ ഇല്ലാത്ത എത്ര കൃഷി ഭവനുകൾ ഉണ്ടെന്ന് വിശദമാക്കാമോ ; തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പ് കൃഷി ഓഫീസർമാരുടെ അഭാവംമൂലം ബുദ്ധിമുട്ടിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പ് കൃഷി ഓഫീസർമാർ ഇല്ലാത്തതുമൂലം ബുദ്ധിമുട്ടിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മേൽ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ ബേളൂർ, ചെമ്മനാട്, ഈസ്റ്റ് ഇളേരി, ദെലംപടി, മംഗൽപടി, കുട്ടിക്കോൽ, പുത്തിഗെ, മൂളിയാർ എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുണ്ട്. കൂടാതെ കിനാനൂർ-കരിന്തളം കൃഷി ഭവനിലെ കൃഷി ഓഫീസർ എസ്.എച്ച്.എം.-ൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കുകയാണ്. ഒഴിവുള്ള കൃഷി ഭവനുകളുടെ അധികച്ചുമതല തൊട്ടടുത്ത കൃഷിഭവനിലെ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നു. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പി.എസ്.സി. നിയമനം നടക്കുന്നതിനുള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly